പ്രിയ ബഹു. അച്ചാ/സുഹൃത്തേ,

**ചാസിൽ നിന്നും ആശംസകൾ !!!**

2020 ജനുവരി മാസം നടത്തിയ മേഖലാ PME കളിൽനിന്ന് ലഭിച്ച ചില സൂചനകളുടെ വെളിച്ചത്തിൽ, നമ്മുടെ യൂണിറ്റുതലപ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കേണ്ടതുണ്ടെന്നാണ് മനസ്സിലാക്കാൻ കഴിയുന്നത്. SHG, Credit Union തുടങ്ങിയ മൂലധനസമാഹരണ പ്രവർത്തനങ്ങളുടെ ഉദ്ദേശലക്ഷ്യങ്ങൾ സാധ്യമാക്കാനുള്ള കർമ്മപദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പാക്കുന്നതിൽ പരാജയപ്പെട്ടാൽ, സഹകാരികൾ നിസ്സഹരിക്കാനുള്ള സാധ്യത ഏറെയാണ്. അതുകൊണ്ടുതന്നെ നമ്മുടെ ജനകീയ അടിത്തറ ബലഹീനമാകും. മൈക്രോഫിനാൻസ് പ്രവർത്തനത്തിന്റെ നിക്ഷേപസമാഹരണത്തിൽ മാത്രം ശ്രദ്ധിക്കുന്ന പ്രവണത വർദ്ധിച്ചു വരുന്നു. തൊഴിൽ പരിശീലന പരിപാടികളോടും സംരംഭങ്ങളോടും ഇതിനെ ബന്ധിപ്പിക്കാൻ കഴിയാതെ പോകുന്നത് യൂണിറ്റ് പ്രവർത്തനങ്ങളുടെ മുരടിപ്പിന് കാരണമാകും. CBR, Farmers Club, SAFP, Care A Family, ബോധവത്ക്കരണ പരിപാടികൾ തുടങ്ങിയവയിലൂടെയും മൂലധനവിനിയോഗം സജീവമാക്കാനുള്ള പരിശ്രമങ്ങളുണ്ടാവണം. മാലിന്യസംസ്ക്കരണം, ജൈവകൃഷി, ജലസംരക്ഷണം തുടങ്ങിയ മേഖലകളിലുള്ള സാധ്യതകൾ പരമാവധി ഉപയോഗപ്പെടുത്തി ഇവയിലൂടെ സഹകാരികളെ പ്രോത്സാഹിപ്പിക്കാനാവും. ഭാവിയിൽ വ്യക്തമായ ദിശാബോധത്തോടെ പ്രവർത്തിക്കാൻ നമുക്കേവർക്കും സാധിക്കട്ടെയെന്ന് ആശംസിച്ചുകൊണ്ട്,

വിശ്വസ്തതയോടെ,

**ഫാ. ജോർജ്ജ് മാന്തുരുത്തിൽ**
**ഫാ. തോമസ് കുളത്തുങ്കൽ**
(അസി. ഡയറക്ടേഴ്സ്)

**ഫാ. ജോസഫ് കളരിക്കൽ**
ഡയറക്ടർ

## കുട്ടനാട് പുനർനിർമ്മാണ പദ്ധതി

### 1. ശൗചാലയനിർമ്മാണം (2019 ജൂലൈ-നവംബർ)

| *ഇടവക* | *ഗുണഭോക്താക്കൾ* | *തുക* |
|---|---|---|
| പുതുക്കരി | 4 | 50,000 |
| പാണ്ടി | 3 | 37,500 |
| പച്ച-ചെക്കിടിക്കാട് | 4 | 77,000 |
| മുട്ടാർ ന്യൂ | 4 | 67,000 |
| മുട്ടാർ CMI | 2 | 30,800 |
| മുട്ടാർ ഓൾഡ് | 3 | 56,500 |
| കോയിൽമുക്ക് | 4 | 63,000 |
| കൊടുപ്പുന്ന | 4 | 64,000 |
| കിഴക്കേമിത്രക്കരി | 4 | 70,000 |
| മാമ്പുഴക്കരി | 3 | 48,500 |

| | | | |
|---|---|---|---|
| പുല്ലങ്ങടി | 1 | 1 | 35,000 |
| ആകെ | | | 13,90,000 |

## 4. ശൗചാലയ നിർമ്മാണം (2019 ഡിസം. 20-2020 ജനുവരി 25)

| *ഇടവക* | *ഗുണഭോക്താക്കൾ* | *ഗഡു* | *തുക* |
|---|---|---|---|
| കരുവാറ്റ | 1 | 2 | 5,000 |
| യൂദാപുരം | 1 | 1,2 | 20,000 |
| വെട്ടിതുരുത്ത് | 1 | 1 | 15,000 |
| പുല്ലങ്ങടി | 1 | 1 | 15,000 |
| അറുന്നൂറ്റിൻപാടം | 1 | 1 | 15,000 |
| ചീരംചിറ | 1 | 1 | 15,000 |
| ആകെ | | | 85,000 |

## അറിയിപ്പുകൾ

## 2020 ഫെബ്രുവരി മാസത്തെ കേന്ദ്ര-യൂണിറ്റുതല പരിപാടികൾ

| *തീയതി* | *പരിപാടി* | *സ്ഥലം* |
|---|---|---|
| ഫെബ്രു. 06 | Orientation programme on KSP & CST | ചാസ് കേന്ദ്ര ഓഫീസ് |
| ഫെബ്രു. 12 | കാൻസർ ദിനാചരണം | ചാസ് കേന്ദ്ര ഓഫീസ് |

### 1. സ്വാശ്രയസംഘസംഗമം

| *തീയതി* | *യൂണിറ്റ്* |
|---|---|
| ഫെബ്രു. 10 | ഏറ്റുമാനൂർ |
| ഫെബ്രു. 18 | കൊണ്ടാക്കൽ, നസ്രത്ത് |

### 2. പേപ്പർ ക്യാരിബാഗ് & തുണിസഞ്ചിനിർമ്മാണപരിശീലനം

| *തീയതി* | *യൂണിറ്റ്* |
|---|---|
| ഫെബ്രു. 08 | മണിമല |
| ഫെബ്രു. 10 | പനയമ്പാല |
| ഫെബ്രു. 11 | ചമ്പക്കുളം, പച്ച |
| ഫെബ്രു. 13 | ചെറുവാണ്ടൂർ, കൊടുപ്പുന്ന |
| ഫെബ്രു. 25 | വെട്ടിമുകൾ, മുട്ടാർ സിഎം.ഐ |
| ഫെബ്രു. 26, 27 | ഫാത്തിമാപുരം |
| ഫെബ്രു. 28,29 | തൃക്കൊടിത്താനം |

### 3. യൂണിറ്റുവാർഷികം

| *തീയതി* | *യൂണിറ്റ്* |
|---|---|
| ഫെബ്രു. 14 | നെടുംകുന്നം |
| ഫെബ്രു. 16 | മണ്ണഞ്ചേരി |
| ഫെബ്രു. 22 | പൂന്തോപ്പ് |
| ഫെബ്രു. 23 | പുന്നമട |

## സുജോക് ചികിത്സാ

മണ്ണാർകുന്ന് യൂണിറ്റിൽ ജനവുരി 20 ന് സുജോക് ചികിത്സാരീതിയെക്കുറിച്ച് ശ്രീ. ജിനോ ജോസഫ് ക്ലാസ് നയിച്ചു. 45 അംഗങ്ങൾ പങ്കെടുത്തു.

## സ്വാശ്രയസംഘവാർഷികവും - വായ്പാ വിതരണവും

കരിമ്പക്കുളം യൂണിറ്റിൽ പ്രവർത്തിക്കുന്ന 'അൽഫോൻസ' സ്വാശ്രയസംഘത്തിന്റെ 20-ാം മത് വാർഷികം ജനുവരി 21 ന് സംഘടിപ്പിച്ചു. യൂണിറ്റ് ഡയറക്ടർ റവ. ഫാ. റോയി തൂമ്പുങ്കൽ അദ്ധ്യക്ഷതവഹിച്ചു. ചാസ് ഡയറക്ടർ ഫാ. ജോസഫ് കളരിക്കൽ ഉത്ഘാടനം നിർവഹിച്ചു. സ്വാശ്രയസംഘാംഗങ്ങൾക്ക് സ്വയംതൊഴിൽ ചെയ്യുന്നതിന് പൊന്തംപുഴ സർവ്വീസ് സഹകരണ ബാങ്കിൽനിന്നും ലഭ്യമാക്കിയ 10 ലക്ഷം രൂപയുടെ വായ്പാവിതരണം മണിമല സർവ്വീസ് സഹകരണ ബാങ്ക് പ്രസിഡന്റ് ശ്രീ. എമേഴ്സൺ കെ.എസ്. നിർവഹിച്ചു. സർവ്വീസ് സഹകരണ ബാങ്ക് ബോർഡ് അംഗങ്ങളായ ശ്രീ. പി.ജി. പ്രകാശ്, ശ്രീ. മാത്യു ജോസഫ്, ഗ്രാമപഞ്ചായത്ത് മെമ്പർമാരായ ശ്രീമതി ലിതാ ഷാജി, ശ്രീമതി ഷൈനി ഷാജി എന്നിവർ പ്രസംഗിച്ചു. യൂണിറ്റിൽ പ്രവർത്തിക്കുന്ന മറ്റ് സ്വാശ്രയസംഘങ്ങളുടെ ഭാരവാഹികളും സന്നിഹിതരായിരുന്നു.

## മഹിളാസമാജം രൂപീകരിച്ചു

കൊണ്ടാക്കൽ യൂണിറ്റിൽ ജനുവരി 21 ന് സ്വാശ്രയസംഘങ്ങളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും ശക്തിപ്പെടുത്തുന്നതിനുമായി 'തേജസ്' മഹിളാസമാജം രൂപീകരിച്ചു. ഭാരവാഹികളെ തെരഞ്ഞെടുത്തു.

## പരിശീലന പരിപാടികൾ

പായിപ്പാട് യൂണിറ്റിൽ ഡിസംബർ 27, 28 തീയതികളിൽ പേപ്പർ ക്യാരി ബാഗ് നിർമ്മിക്കുന്നതിന് പരിശീലനം നൽകി. യൂണിറ്റ് ഡയറക്ടർ റവ. ഫാ. ജെയിംസ് അത്തിക്കളം ഉദ്ഘാടനം നിർവഹിച്ചു.

നെടുമണ്ണി യൂണിറ്റിൽ ജനുവരി 16 ന് തുണിസഞ്ചി നിർമ്മിക്കുന്നതിന് പരിശീലനം നൽകി. 19 അംഗങ്ങൾ പങ്കെടുത്തു.

മണ്ണാർകുന്ന് യൂണിറ്റിൽ ജനവുരി 17 ന് തയ്യൽ പരിശീലകർക്കായി ആഭരണനിർമ്മാണം, ഫാബ്രിക് പെയ്ന്റിംഗ് എന്നിവയിൽ പരിശീലനം നൽകി. 25 വനിതകൾ പങ്കെടുത്തു.

## തയ്യൽ പരിശീലനം സമാപനം

നെടുമണ്ണി യൂണിറ്റിൽ കഴിഞ്ഞ മൂന്നു മാസക്കാലമായി നടത്തിവന്നിരുന്ന തയ്യൽ പരിശീലനപരിപാടി ജനുവരി 21 ന് സമാപിച്ചു. ചാസ് ഡയറക്ടർ ഫാ. ജോസഫ് കളരിക്കൽ അദ്ധ്യക്ഷതവഹിച്ച സമ്മേളനത്തിൽ പരിശീലനം പൂർത്തികരിച്ച വനിതകൾക്ക് സർട്ടിഫിക്കറ്റ് വിതരണം ചെയ്തു. യൂണിറ്റ് ഡയറക്ടർ റവ. ഫാ. അഗസ്റ്റിൻ കൊല്ലംപറമ്പിൽ ആശംസയർപ്പിച്ചു. യൂണിറ്റ് ഭാരവാഹികൾ നേതൃത്വം നൽകി.